പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 137** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സർവകലാശാലകളിലെ ഗവേഷണ നിലവാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അബിൻ വർക്കി കോടിയാട്ട്
ശ്രീ. അൻവർ സാദത്ത്
ശ്രീ. നാട്ടകം സുരേഷ്
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സർവകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; സംസ്ഥാനത്തെ സർവകലാശാലകളിൽ വ്യാജമോ കൃത്രിമമോ ആയ ഗവേഷണപ്രവർത്തനങ്ങൾ നടത്തി ഡോക്ടറേറ്റ് നേടിയ കേസുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; വ്യാജ ഗവേഷണപ്രവർത്തനങ്ങൾ കണ്ടെത്താൻ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണ്; ഇത് അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവേഷണ നിലവാരം ഉയർത്തുന്നതിനായി യു.ജി.സി റഗുലേഷൻസ് **2016, 2022** എന്നിവയ്ക്ക് അനുസൃതമായിട്ടാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. ആയതിന്റെ ഭാഗമായി ഗവേഷകരുടെ ഗവേഷണ പുരോഗതി സമയബന്ധിതമായി ഡോക്ടറൽ കമ്മിറ്റി അല്ലെങ്കിൽ ഗവേഷക ഉപദേശ സമിതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കോഴ്സ് വർക്ക്, ഗവേഷണ ഉപദേശക സമിതിയുടെ മേൽനോട്ടം, പുരോഗതി റിപ്പോർട്ടുകൾ, പ്രീ-സബ്മിഷൻ സെമിനാർ എന്നിവ നിർബന്ധമാണ്. ദേശീയ അന്തർദേശീയ സെമിനാറുകളും സർവകലാശാലകൾ സംഘടിപ്പിക്കാറുണ്ട്. വ്യാജമോ ക്രിത്രിമമോ ആയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി ഡോക്ടറേറ്റ് നേടിയ കേസുകൾ കണ്ടെത്തിയിട്ടില്ല. വ്യാജ ഗവേഷണ പ്രവർത്തനങ്ങൾ കണ്ടെത്താൻ നിലവിൽ **Turnitin, DrillBit, iThenticate** എന്നീ സോഫ്റ്റ്‌വെയറുകളാണ് സർവകലാശാലകൾ ഉപയോഗിക്കുന്നത്. സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

**(ബി)** ഡോക്ടറേറ്റ് പ്രബന്ധങ്ങളിലെ പ്ലേജിയറിസം, ഡാറ്റാ കൃത്രിമം, വ്യാജ ഗവേഷണഫലങ്ങൾ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്ലേജിയറിസം കണ്ടെത്തിയ ഗവേഷണ പ്രബന്ധങ്ങൾക്ക് ഡോക്ടറേറ്റ് അനുവദിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ സർവ്വകലാശാലയ്ക്ക് മൂന്ന് പരാതികളും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്ക് ഒരു പരാതിയും കേരള സർവകലാശാലയ്ക്ക് നാല് പരാതികളും ലഭിച്ചിട്ടുണ്ട്. പ്ലേജിയറിസം കണ്ടെത്തിയ ഗവേഷണ പ്രബന്ധങ്ങൾക്ക് ഡോക്ടറേറ്റ് അനുവദിച്ചിട്ടില്ല.

കണ്ണൂർ സർവകലാശാലയിൽ ഡോ.മല്ലിക എം.ജി യ്ക്കതിരെ ഗോകുൽ രാമൻ, ഗോപിനാഥ് ആർ., ജയന്ത് വി.യു. എന്നിവരും കന്നട ഗവേഷക വിദ്യാർത്ഥിയായ സുജാതയ്ക്കെതിരെ ഡോ.അമിതയും പരാതി നൽകിയിട്ടുണ്ട്. കൂടാതെ ഡോ.ജാസ്മിൻ ജോസഫ് തന്റെ ഗവേഷക പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ ചേർത്ത് തന്റെ അനുമതിയില്ലാതെ IJCRT എന്ന ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും പരാതിപ്പെട്ടിട്ടുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ശ്രീ.വേണുഗോപാലൻ നായർക്കെതിരെ ഡോ.മേഘ പരാതി നൽകിയിട്ടുണ്ട്.

ഡോക്ടർ ചിന്താ ജെറോമിന്റെ പി.എച്.ഡി തീസിസുമായി ബന്ധപ്പെട്ട് കേരള സർവകലാശാലയ്ക്ക് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ.ആർ.എസ്. ശശികുമാർ, ഡോ.സോണി ജലരാജൻ രാജ് എന്നിവരാണ് ഡോക്ടർ ചിന്താ ജെറോമിനെതിരെ പരാതികൾ നൽകിയിട്ടുള്ളത്. ഇവയിൽ രണ്ട് പരാതികളിൽ തീർപ്പ് കല്പ്പിച്ചിട്ടുണ്ട്.

**(സി)** വ്യാജ ഗവേഷണ വിവരങ്ങളോ കൃത്രിമമായി സൃഷ്ടിച്ച ഡാറ്റയോ ഉപയോഗിച്ച് ഡോക്ടറേറ്റ് നേടിയതായി പിന്നീട് കണ്ടെത്തുന്നപക്ഷം ഡോക്ടറേറ്റ് റദ്ദാക്കുന്നതിനുള്ള നിലവിലെ നടപടിക്രമം എന്താണ്; ഗവേഷണ പ്രബന്ധങ്ങളുടെ പരിശോധനയിൽ സർവകലാശാലകൾ തമ്മിൽ ഏകീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വ്യാജ ഗവേഷണ വിവരങ്ങളോ കൃത്രിമമായി സൃഷ്ടിച്ച ഡാറ്റയോ ഉപയോഗിച്ച് ഡോക്ടറേറ്റ് നേടിയതായി പിന്നീട് കണ്ടെത്തുന്ന പക്ഷം ഡോക്ടറേറ്റ് നൽകിയ ബന്ധപ്പെട്ട സർവകലാശാലയുടെ സിൻഡിക്കേറ്റ് / എക്സിക്യൂട്ടീവ് കൗൺസിൽ സർവകലാശാലകൾക്ക് ബാധകമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉചിതമായി നടപടി സ്വീകരിക്കുന്നു. ഗവേഷണ പ്രബന്ധങ്ങളുടെ പരിശോധന സംബന്ധിച്ച് യു.ജി.സി റെഗുലേഷൻസ് എല്ലാ സർവകലാശാലകൾക്കും പൊതുവായി ബാധകമാണ്.

**(ഡി)** ഗവേഷണ ഗൈഡുകൾ, ഗൈഡ് കമ്മിറ്റി അംഗങ്ങൾ, മൂല്യനിർണയ വിദഗ്ധർ എന്നിവരുടെ ഉത്തരവാദിത്തം ഉറപ്പാക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ?

**മറുപടി:** യുജിസി റെഗുലേഷൻസിന് അനുസൃതമായും സർവകലാശാലകളിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരവുമാണ് ഗവേഷണ ഗൈഡുകൾ, ഗൈഡ് കമ്മിറ്റി അംഗങ്ങൾ, മൂല്യനിർണ്ണയ വിദഗ്ധർ എന്നിവരുടെ ഉത്തരവാദിത്വങ്ങൾ ഉറപ്പുവരുത്തുന്നത്.

**സെക്ഷൻ ഓഫീസർ**